



# നഭസ്



**ജി.വി.എച്ച്.എസ്.എസ്**

**വലപ്പാട്**

**2019- 2020**

little KITEs
GVHSS Valapad

Kerala Infrastructure and Technology for Education

# എഡിറ്റോറിയൽ

ദല മർമ്മരങ്ങളിലും.......
കിളിക്കൊഞ്ചലുകളിലും നിന്ന്
കാലാതിവർത്തിയായ കാവ്യഭാവന
ചിറകു കുടയുമ്പോൾ.....
പൊഴിയുന്ന നീഹാരബിന്ദുക്കളിലെ
ജ്വലിക്കുന്ന സൂര്യതേജസ്സ്
ജീവപ്രകാശമായി മാറ്റുവാൻ.....
കരുത്തുറ്റ നവതലമുറയുടെ
സർഗ്ഗ ഭാവനകൾ
വാനോളം പറന്നുയരാൻ......
സാങ്കേതികതയും സർഗ്ഗാത്മകതയും
കൈകോർക്കുന്ന ആനന്ദത്തിന്റെ
നഭസ്സിലേക്ക്......
സുസ്വാഗതം.....!

# സന്ദേശം




വിവര വിനിമയ സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉൾക്കൊണ്ടു കൊണ്ട് നവതലമുറയിലെ വിദ്യാർത്ഥികൾക്ക് സാങ്കേതിക പരിജ്ഞാനം നൽകുന്നതോടൊപ്പം തന്നെ അവരുടെ സർഗ്ഗ ശേഷികളുടെയും വികസനത്തിനു വേണ്ടി പ്രവർത്തിച്ചു വരുന്ന ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന 'നദസ്സ് ' എന്ന ഈ ഡിജിറ്റൽ മാഗസിന് ഹൃദയംഗമമായ ആശംസകൾ നേരുന്നു.

**പ്രധാനാധ്യാപിക**

**പ്രസന്ന കണ്ണിയത്ത്**

# ഉള്ളടക്കം


| | |
|---|---|
| ഗുരുസ്മരണ | - ഗീത.ടി.കെ |
| ജൈവവൈവിധ്യ സംരക്ഷണം | - ഫാത്തിമ ഷെറിൻ |
| ചുവപ്പ് | - ആയിഷ കാജാ മൊയ്തീൻ |
| മാഞ്ഞു പോകുന്ന മലയാളത്തനിമ | - ശ്രീലക്ഷ്മി |
| ഗണിത പ്രാർത്ഥന | - റീന.എം.ഡി |
| രണ്ടക്ഷരം ഇല്ലാത്ത ലോകം | - സ്നേഹ |
| ഉണർവ്വ് | - മനോഹിത്.കെ.എൽ |
| ദു:ഖവെള്ളി | - ബേബി.സി.എസ് |
| എൻ ഗുരുനാഥ | - കൃഷ്ണപ്രിയ |
| ബാല്യകാല സഖി | - അമീന |
| തോരാത്ത ആ മഴ | -നിസ്മ |
| കൂട്ടുകാരുമൊത്ത് ഒരു യാത്ര | - ജംഷീന |
| വർഷം | - ബേബി |
| നോവൽ ഭാഗങ്ങൾ | - ഭാഗ്യരാജ്.ടി.ഡി |
| പ്രളയ് ഏക് സബക് | - ഫാത്തിമ ഷെറിൻ |
| ആൽകെമിസ്റ്റ് | - സൽമ ഷാജഹാൻ |
| ദി ഫസ്റ്റ് ഫ്ലഡ് | - രജീഷ് |
| ചിത്രയാത്രാ വിവരണം | - ഭാഗ്യരാജ് |



# ഗുരുസ്മരണ

ഗുരുവായുണ്ടായനേകരെങ്കിലും
ഗുരുവായിത്തോന്നിയതൊരാൾ മാത്രം
ജീവിതയാഥാർത്ഥ്യങ്ങളോതിത്തന്നൊരാ -
ഗുരുഭൂതനിന്നില്ല ഭൂമിയിലെങ്കിലും
നന്മയെ പുണർന്നുണ്മയെ സ്നേഹിക്കാനും
അറിവമൃതമായ് നുകർന്നിടാനും
അറിവേറുന്തോറുമഹന്തയില്ലാതെയും
അറിയുക മർത്ത്യനെയെന്നു പറഞ്ഞും
താഴ്ന്നവരോടൊത്തു ചരിപ്പതിന്നും
ചാലക ശക്തിയായ്ത്തീർന്നിടാനും
എല്ലാരും സമന്മാരെന്നാപ്തവാക്യം
ജീവിത പന്ഥാവിൽ മറന്നിടാതെ
ആരുമാരേക്കാളും മുകളിലല്ലെന്ന
സമത്വ പാഠത്തെയെന്നെ പഠിപ്പിച്ച
ഗുരുഭൂതനെൻ മനസ്സാ പ്രണാമം!
അഹന്ത കൊണ്ടൊന്നുമേ നേടാവതില്ലെന്നും
പദവികളിലടിപതറാതെയുമഭിരമിക്കാതെയും
ഹ്രസ്വമീ ജീവിതം ധന്യമാക്കുകെന്ന
ഗുരുവചനത്തെ സ്മരിക്കുന്നു ഞാൻ
അറിഞ്ഞതെത്രയോ തുച്ഛമെന്നറിഞ്ഞു ഞാൻ
വിനീത വിധേയയായ് നിൻ
പാദാംബുജങ്ങളിലർപ്പിയ്ക്കട്ടെ -
യൊരുപിടി പനിനീർ സുമങ്ങൾ....



(എന്നെ ഞാനാക്കിയ ഗുരുവിന്)

**ടി.കെ.ഗീത**

ഉപന്യാസം



## സുസ്ഥിര ഭാവിയ്ക്ക് കാർഷിക ജൈവവൈവിധ്യ സംരക്ഷണം

പ്രപഞ്ചത്തിൽ ജീവൻ നിലനിൽക്കുന്നതായി കണ്ടെത്തപ്പെട്ടിട്ടുള്ള ഒരേയൊരു സുന്ദര ഗ്രഹമാണ് ഭൂമി. അഗാധമായ സമുദ്രങ്ങളും ഹരിത നീലിമ നിറഞ്ഞ വന ശോഭയും ഗാംഭീര്യമുള്ള പർവ്വതങ്ങളും കുന്നും മലയും മഞ്ഞും മഴയും പുഴയും മരുഭൂമിയും അങ്ങനെയങ്ങനെ ഈ ഭൂമിയെ സുന്ദരമാക്കുന്ന ഘടകങ്ങൾ നിരവധിയാണ്. പക്ഷികളും മൃഗങ്ങളും മനുഷ്യനും മറ്റു ജീവി വർഗ്ഗങ്ങളും ഒന്നു ചേർന്നു ജീവിയ്ക്കുന്ന നമ്മുടെ ഭൂമിയുടെ പ്രകൃതിസംതുലനത്തിൽ സവിശേഷമായ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് കാലാവസ്ഥ

**കാലാവസ്ഥാ വ്യതിയാനത്തിന്റെ കാരണങ്ങൾ:-**

കാലാവസ്ഥയുടെ അടിസ്ഥാനം ഭൂമിയുടെ സൂര്യനുമായുള്ള പ്രദക്ഷിണ പാതയുമായി നേരിട്ട് ബന്ധപ്പെട്ടു കിടക്കുന്നു. 23 ഡിഗ്രി ചെരിവിലാണ് ഭൂമി സൂര്യനെ ചുറ്റുന്നത് എന്നതു കൊണ്ട് സൂര്യനിൽ നിന്നു ലഭിക്കുന്ന പ്രകാശവും താപവും ഭൂമിയിൽ ഒരു പോലെയല്ല ലഭ്യമാകുന്നത്. ദീർഘവൃത്ത പാതയിലെ ചുറ്റൽ സൂര്യനുമായുള്ള ദൂരം വർഷത്തിൽ നാലു തവണ മാറാൻ കാരണമാകുന്നു. ഇതാണ് വ്യത്യസ്ഥമായ കാലാവസ്ഥയുടെ അടിസ്ഥാനം. ഇതോടൊപ്പം തന്നെ കാലാവസ്ഥയെ ബാധിക്കുന്ന ഘടകങ്ങളാണ് മലകൾ, പർവ്വതങ്ങൾ, നദികൾ, വനങ്ങൾ, സമുദ്ര സാമീപ്യം എന്നിവ. കോടിക്കണക്കിനു വർഷങ്ങൾ മുൻപ് രൂപീകൃതമായതാണ് ഭൂമിയും അതിന്റെ സവിശേഷമായ കാലാവസ്ഥയും. ഭൂമിയിലെ വായുവിലെ ഓക്സിജൻ അനുപാതവും കാർബൺ ഡൈ ഓക്സൈഡ് അനുപാതവും എല്ലാം മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും നിലനിൽക്കാനുള്ള ശരിയായ അനുപാതം സൂക്ഷിക്കപ്പെടാൻ ആവശ്യമുണ്ട്.

**കൃഷിയും കാലാവസ്ഥാ വ്യതിയാനവും :-**



കാർഷിക രാജ്യമായ ഇന്ത്യയെ സംബന്ധിച്ച് കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ എതാനും വർഷങ്ങളായി രൂക്ഷമാണ്. കൊടും വരൾച്ചയും വെള്ളപ്പൊക്കവും നമ്മുടെ കൃഷിരീതികളുടെ താളം തെറ്റിച്ചിരിക്കുന്നു. നിലവിലുള്ള വിളകളും കൃഷി രീതികളും കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ വീക്ഷിക്കേണ്ടി വരുമോ എന്ന ആശങ്കയിലാണ് കർഷക സമൂഹം . ഇന്ത്യയുടെ ആപ്പിൾ കലവറയായ ഹിമാചൽ പ്രദേശിലെ ഉയരം കുറഞ്ഞ മലനിരകളിൽ പരമ്പരാഗത ആപ്പിൾ ഇനങ്ങൾ വിളയാതെയായി .കൂടുതൽ തണുപ്പുള്ള ഉയർന്ന മലനിരകളിലേക്ക് വഴിമാറുകയാണ് ഹിമാചൽ പ്രദേശിലെ ആപ്പിൾ കൃഷി.

ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളമാകട്ടെ പ്രളയത്തോടൊപ്പം തന്നെ വരൾച്ചയുടെ ഭീഷണിയിലാണ്. 1850 -നു ശേഷം ആഗോള താപനിലയിൽ 0.9 ഡിഗ്രി മുതൽ 1.1 ഡിഗ്രി സെൽഷ്യസ് വരെ വർദ്ധനവുണ്ടായി. ഇത് അടുത്ത അഞ്ചോ പത്തോ വർഷത്തിനുള്ളിൽ 1.5 ഡിഗ്രി സെൽഷ്യസ് കടക്കും ഇതിന്റെ പ്രത്യാഘാതം ഏറ്റവും കൂടുതൽ നേരിടേണ്ടി വരുന്നത് കൃഷിയിലായിരിക്കും. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി ആർദ്രത കൂടിയ ഉഷ്ണമേഖല കാലാവസ്ഥയിൽ നിന്നും ഈർപ്പം കുറഞ്ഞ വരണ്ട കാലാവസ്ഥയിലേക്കുള്ള മാറ്റത്തിലാണ് കേരളമിപ്പോൾ. ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും ഭക്ഷ്യ വിളകളെ വളരെ വേഗത്തിൽ ബാധിക്കും. 2018-ലെ മഹാപ്രളയത്തിനു ശേഷമുള്ള ആറു മാസത്തിനുള്ളിൽ കേരളത്തിലെ മാവുകൾ പതിവില്ലാതെ മൂന്നു വട്ടം പൂത്തു. പ്രളയത്തെ തുടർന്നുള്ള ഭൂഗർഭ ജലനിരപ്പിന്റെ ഉയർച്ചയും ഡിസംബർ ജനുവരി മാസങ്ങളിലെ കൊടും തണുപ്പുമാണ് ഇതിനു കാരണമെന്നാണ് കാർഷിക സർവ...

കാലാവസ്ഥാ വ്യതിയാനം മൂലം ഹൈറേഞ്ചിന്റെ കുത്തകയായ പല വിളകളുടെയും കൃഷി അവിടെ അസാധ്യമാണ്. മൂന്നാറിലും നീലഗിരിയിലും താപനില -3 ഡിഗ്രി മുതൽ 8 ഡിഗ്രി വരെ താഴ്ന്നതും പതിവില്ലാത്ത മഞ്ഞു വീഴ്ചയും കേരളത്തിലെ

തേയിലത്തോട്ടങ്ങളിൽ നാശം വിതച്ചു. കേരളത്തിലെ തേയില ഉത്പാദനത്തിൽ 10 മുതൽ 30 ഡിഗ്രി വരെ ഇടിവുണ്ടാകാൻ ഇത് കാരണമായി.

അന്തരീക്ഷ താപനിലയിലെ ഒരു ഡിഗ്രി സെൽഷ്യസിന്റെ വർദ്ധനവു പോലും നെല്ലുൽപ്പാദനത്തിൽ 3.2 % കുറവ് വരുത്തും. 24 മണിക്കൂർ വെള്ളം കെട്ടി നിൽക്കുന്നത് തക്കാളി ഉൾപ്പെടെയുള്ള മിക്ക പച്ചക്കറി വിളകളുടെയും കൃഷി നശിപ്പിക്കും. മഹാപ്രളയം കേരളത്തിന്റെ കാർഷിക മേഖലയിൽ 19000 കോടി രൂപയുടെ നഷ്ടം ഉണ്ടാക്കി എന്നാണ് സംസ്ഥാന കൃഷി വകുപ്പിന്റെ കണക്ക്. കുരുമുളക് ഉൾപ്പെടെയുള്ള സുഗന്ധ തോട്ടവിളകൾക്കാണ് ഏറ്റവും കൂടുതൽ നഷ്ടം സംഭവിച്ചത്.

കൊടും വേനലിൽ മേൽമണ്ണ് വരളുന്നതും ഉപരിതല താപനില വർദ്ധിക്കുന്നതും കുരുമുളകിന്റെയും ഏലത്തിന്റെയും വളർച്ചയിൽ പ്രതിസന്ധിയുണ്ടാക്കും. ഇടുക്കിയേക്കാൾ വയനാട്ടിലെയും കർണാടകത്തിലെയും ഏലകൃഷിക്കായിരിക്കും കാലാവസ്ഥാ വ്യതിയാനം കൂടുതൽ പ്രതിസന്ധി സൃഷ്ടിക്കുക. അടുത്ത കാൽ നൂറ്റാണ്ടിനകം അന്തരീക്ഷ താപനിലയിലും വർദ്ധനവ് 2 ഡിഗ്രിയിൽ കൂടുതലാകുന്നതോടെ കൊക്കോ കൃഷി ചെയ്യുന്ന പല മേഖലകളും ഇതിന്റെ കൃഷിക്ക് അനുയോജ്യമല്ലാതായിത്തീരും. മഴക്കുറവും രാത്രി - പകൽ താപനിലകളിലെ അന്തരവും തേയിലയുടെയും കാപ്പിയുടെയും ഉൽപ്പാദനം കുറയ്ക്കും. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള താളം തെറ്റിയ തളിർക്കലും പുഷ്പിക്കലും കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിന്റെ കശുമാവ് കൃഷിയെ പിന്നോട്ടടിക്കുകയാണ്.

നീണ്ടു നിൽക്കുന്ന വരൾച്ച തെങ്ങിന്റെ ഉത്പ്പാദനത്തെ ബാധിക്കും മഴക്കുറവും ആർദ്രത കുറഞ്ഞ വരണ്ട കാലാവസ്ഥയും തെങ്ങിൽ പുതിയ കീടങ്ങളുടെ ആക്രമണത്തിന് വഴി തെളിയിക്കും. പേമാരിയും മഹാപ്രളയവും നാളികേര ഉത്പ്പാദനം കുറയ്ക്കും

കേരളത്തിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്ന രണ്ടാമത്തെ വിളയായ റബ്ബർ ഏതാനും വർഷങ്ങളായി കാലാവസ്ഥ വ്യതിയാനത്തിന്റെ പിടിയിലാണ് തുലാമഴയിലെ കുറവും നീണ്ടു നിൽക്കുന്ന വരൾച്ചാ കാലവും ഇടയ്ക്കുണ്ടാവുന്ന അതിവർഷവും റബ്ബർ ഉത്പ്പാദനത്തെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

**പരിഹാര മാർഗ്ഗങ്ങൾ:-**

കാലാവസ്ഥാ വ്യതിയാനം ഏറ്റവും കൂടുതൽ ദുരന്തങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുള്ള പ്രദേശങ്ങളിലൊന്നാണ് കേരളം. 110 വർഷത്തിനിടയിലെ ഏറ്റവും വലിയ വരൾച്ചയായിരുന്നു 2016-ൽ സംസ്ഥാനം നേരിട്ടത്. 2017 -ലെ ഓഖി ചുഴലിക്കാറ്റും 2018-ലെയും 2019-ലെയും മഹാ പ്രളയങ്ങളും കേരളത്തിൽ വൻ നാശം വിതച്ചു. ആഗോള താപനത്തിന്റെ ഫലമായി അറബിക്കടലിൽ രൂപപ്പെടുന്ന ചുഴലിക്കാറ്റുകൾ ഏറ്റവുമധികം ബാധിക്കുന്നത് കേരളത്തെയാണ്. അതു കൊണ്ടു തന്നെ കൃത്യമായ ആസൂത്രണമില്ലെങ്കിൽ നമ്മുടെ കൃഷിഭൂമിയും കൃഷിയും ഇല്ലാതാകും.

പ്രതികൂല സാഹചര്യങ്ങളോട് പൊരുതി നിൽക്കാൻ ശേഷിയുള്ള വിത്തിനങ്ങൾ നാം കൃഷി ചെയ്യേണ്ടിയിരിക്കുന്നു. ഹ്രസ്വകാല വിളകൾ നടുന്ന സമയം മണ്ണിലെ ഈർപ്പത്തിന്റെ ലഭ്യതയനുസരിച്ച് ക്രമീകരിക്കണം. ഓരോ പ്രദേശത്തിനും അനുയോജ്യമായ വിളകളും ഇനങ്ങളും കണ്ടെത്തണം. വരൾച്ചാ സാധ്യതയുള്ള പ്രദേശങ്ങളിൽ ഹ്രസ്വകാല വിളകൾ കൃഷി ചെയ്യാം. ബഹു വിള കൃഷി സമ്പ്രദായം നടപ്പാക്കണം. വെള്ളം കുറച്ചുപയോഗിക്കുന്ന കൃഷിരീതികൾ പിന്തുടർന്ന് മണ്ണിന്റെ ഫലഭൂയിഷ്ടത നിലനിർത്തണം. കൃഷിയിടങ്ങളിലെ ജൈവവൈവിധ്യത്തിന്റെ അടിത്തറ പരമാവധി വികസിപ്പിക്കണം.

പുതയിടൽ, ചാലുകളിൽ ജൈവാവശിഷ്ടം നിറയ്ക്കൽ, തെങ്ങിൻ തോപ്പിൽ ചാലെടുത്ത് ചകിരി നിറയ്ക്കൽ തുടങ്ങിയ പരമ്പരാഗത മാർഗ്ഗങ്ങളിലൂടെ മണ്ണിലെ ഈർപ്പം സംരക്ഷിക്കണം

കാലാവസ്ഥാ വ്യതിയാനം ഒരു യാഥാർത്ഥ്യമാണ്. അടിക്കടിയുണ്ടാകുന്ന കാലാവസ്ഥാ മാറ്റങ്ങൾ കേരളത്തിലെ കൃഷിയ്ക്കു നൽകുന്നത് നല്ല സൂചനകളല്ല. കൃത്യമായ ആസൂത്രണങ്ങളിലൂടെ കാലാവസ്ഥാ വ്യതിയാനങ്ങളെ നാം നേരിട്ടില്ലെങ്കിൽ നമ്മുടെ കാർഷിക മേഖലയ്ക്ക് വലിയ തിരിച്ചടികളെ നേരിടേണ്ടി വരും.



**ഫാത്തിമ ഷെറിൻ.കെ.എം**

കവിത



## ചുവപ്പ്

കരിപടർന്ന ലോകത്തിൽ
ഏകയായയഅവൾ
തൻ ദുഃഖം
മറക്കുവാനായ്
തീജ്വാലകൾ വിഴുങ്ങുന്നു

യുവത്വത്തിൻ ലഹരിയിൽ
തനിച്ചായ കിനാവുകൾ
വീണ്ടെടുക്കുവാൻ
ആരൊക്കെയോ നൽകിയ
പൊതികളിൽ അവൾ
അഭയം തേടവേ

കിനാവുകൾ പൂത്തു തളിർത്തു

കൊണ്ടിരിക്കെ

അടിമയായി അവൾ

ലഹരിയുടെ ഉള്ളറകളിൽ



ഒടുവിൽപിന്നെയുമടിമയായി

ആശുപത്രിക്കിടക്കയിൽ

തൻ ജീവിതം വെറുമൊരു

പാഴ്ച്ചിപ്പിയാണെന്നറിയവേ

തൻ തറവാടിനെക്കുറിച്ചോർക്കവെ

കണ്ണുകളിൽ നിന്നതാ പൊടിയുന്നു

ചോരത്തുള്ളികൾ

വെറുമൊരു പുകയുടെ ലഹരിയിൽ

ജീവിതസ്വപ്നങ്ങൾ

തകർന്നു പോകവെ

അവൾ തിരിച്ചറിഞ്ഞു ഖേദിക്കവേ

അവളുടെ ശരീരം പുഴക്കൾക്ക്

സ്വന്തമായിരുന്നു

ഇന്നിതാ അവളുടെ

മണ്ണറയ്ക്ക് മുകളിലെ

വെളുത്ത പനിനീർ പൂക്കളുടെ നിറം

ചുവപ്പായി മാറിയിരിക്കുന്നു.....



**ആയിഷ കാജാ മൊയ്തീൻ**

ഉപന്യാസം



## മാഞ്ഞുപോകുന്ന മലയാളത്തനിമ

കേരളസംസ്കാരത്തിന്റെ മഹത്വത്തെ വ്യക്തമാക്കിത്തരുന്നതിൽ നമ്മുടെ മാതൃഭാഷയായ മലയാളം മഹത്തായ ഒരു പങ്ക് വഹിക്കുന്നുണ്ട്. കേരളം എന്ന പേര് കേൾക്കുമ്പോൾ തന്നെ നമ്മുടെ ഹൃദയത്തിലേക്ക് ഓടിയെത്തുന്നതും നമ്മുടെ സ്വന്തം അമ്മയായ മലയാളമാണ്. മലയാളികൾ മലയാളത്താൽ എന്നും സമ്പന്നരാണ്. നമ്മുടെ മാതൃഭാഷയായ മലയാളത്തെ ഉയർത്തിപ്പിടിക്കുന്നതിനായി നിരവധി സാഹിത്യകാരന്മാർക്ക് സാധിച്ചിട്ടുണ്ട്. 2013 ലാണ് മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചത്. അതിൽ നാം ഓരോ മലയാളിക്കും അഹങ്കരിക്കാം.

മാറിവരുന്ന കാലത്തോടൊപ്പം തന്നെ പരിഷ്കൃതരായി ത്തീരുകയാണ് ഓരോ മലയാളിയും. നമ്മുടെ മാതാവായ മലയാളത്തെ മലയാളികൾ മറന്നു തുടങ്ങിയിരിക്കുന്നു. പദസമ്പത്തിൽ മുന്നിലായ ഇംഗ്ലീഷ് ഭാഷയുടെ വരവാണ് ഇതിന് പ്രധാന കാരണം. മറ്റു ഭാഷകൾ കേരളത്തിൽ വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇതിന്റെ

ഫലമായി പുതിയ തലമുറ മലയാളത്തെ അവഹേളിക്കുന്ന ഒരാവസ്ഥയിലേക്കാണ് നാംനീങ്ങിക്കൊണ്ടിരിക്കുന്നത്. പ്രാചീനകേരളം മലയാളഭാഷയെ അടുത്തറിഞ്ഞവരാണെങ്കിൽ ഇന്നത്തെ സമൂഹം അതിൽനിന്നും ഒഴിഞ്ഞു മാറാനാണ് ശ്രമിക്കുന്നത്. മലയാളം എന്ന് കേൾക്കുമ്പോൾ അഭിമാനം കൊള്ളേണ്ട മലയാളി ഇന്ന് ആകെ മാറിയിരിക്കുകയാണ്. ഇംഗ്ലീഷ് ഭാഷയെ പ്രൗഢിയായി കാണുകയാണ് ഇന്ന് ഓരോ മലയാളികളും. വളർന്ന മണ്ണിനോടും മാതൃഭാഷയോടും അകലം കാണിക്കുന്നവർ ഇന്ന് സർവ്വസാധാരണമാണ്.



കേരളത്തിൽ മലയാളത്തിന് പ്രാധാന്യം നിലനിന്നിരുന്നു എന്നതിന്റെ തെളിവുകളാണ് ആദ്യകാല കൃതികൾ. ചങ്ങമ്പുഴയുടെ 'രമണൻ ', ഇന്ദുലേഖ, കുന്ദലത തുടങ്ങിയ കൃതികൾ മലയാളത്തിന്റെ ഹൃദയത്തെ തൊട്ടറിഞ്ഞവയാണ്. മലയാളഭാഷയെ ഉയർത്തിപ്പിടിക്കുന്നതിൽ അന്നത്തെ രചനകൾ വഹിച്ച പങ്ക് വളരെ വിലപ്പെട്ടതാണ്. ഓരോ ചെറിയ കവിതകളിൽ പ്പോലും ധാരാളം അർഥങ്ങൾ ഒളിഞ്ഞുകിടന്നിരുന്നു. എന്നാൽ ആ വാക്കുകളിൽ ചിലതിന്റെയെങ്കിലും അർത്ഥം ഇന്നത്തെ കുട്ടികൾക്ക് അറിയുകയില്ല. നമ്മുടെ സംസ്കാരത്തെ ഉണർത്തുന്ന, കവിഭാവനകളെ സ്പർശിച്ച നമ്മുടെ സ്വന്തം 'മാവ് 'കുട്ടികൾക്ക് സുപരിചിതമാണെങ്കിലും ഇന്ന് അതിന്റെ പേര് 'മാങ്ങമരം'എന്നാണ്. ഇതിൽ നിന്നും വ്യക്തമാകുന്നത് ഇതാണ്, മലയാളം എല്ലാവരും മറന്നുകൊണ്ടിരിക്കുന്നു. ഇന്നത്തെ പരിഷ്കൃതസമൂഹത്തിന് മക്കളെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ചേർത്താനുള്ള താൽപ്പര്യം കൂടിവരികയാണ്. എന്തിനാണ് നാം നമ്മുടെ അമ്മയായ മലയാളത്തെ നോവിക്കുന്നത്? ശരിയായി മലയാളം

എഴുതാൻ പോലുമറിയാത്ത എത്രയോ കുട്ടികൾ ഇന്ന് കേരളത്തിലുണ്ട്? നമ്മുടെ ഭാഷ അത് എത്രമാത്രം തരംതാഴ്ത്തപ്പെട്ടിരിക്കുന്നു? സ്വന്തം ഭാഷയെസംരക്ഷിക്കേണ്ടതുംഅതിനെനിലനിർത്തിക്കൊണ്ടുപോകേണ്ട തുംനമ്മൾഓരോമലയാളിയുടെയുംകടമയാണ്.എന്നിട്ടും എന്തുകൊണ്ടാണ് മലയാളികൾ മലയാളത്തെ ഇത്രയും അകറ്റിനിർത്തുന്നത്? മലയാളത്തെ സംരക്ഷിക്കാനായി മലയാളികളോട് തന്നെ സമരം ചെയ്യേണ്ടി വരികയാണ് ഇന്ന്. ഒരമ്മയോടും തന്റെ മക്കളെ സംരക്ഷിക്കാൻ ആരും ആവശ്യപ്പെടേണ്ട തില്ല. കാരണം അതവരുടെ കർത്തവ്യമാണ്. ഇതുപോലെ തന്നെയാണ് നമ്മൾ നമ്മുടെ അമ്മയോടും ചെയ്യേണ്ടത്. നമ്മുടെ അമ്മയായ മലയാളത്തെ ആരും ആവശ്യപ്പെടാതെ തന്നെ സംരക്ഷിക്കുകയാണ് നാം ഓരോ മലയാളിയുടെയും ഉത്തരവാദിത്വം. സ്വന്തം ഭാഷയെ മറക്കുന്നതിൽ കേരളമല്ലാതെ മറ്റൊരു സംസ്ഥാനവും മുന്നിട്ടു നിൽക്കുന്നില്ല. നമ്മുടെ തനത് സംസ്കാരത്തെ വെളിപ്പെടുത്തുന്നതിൽ മലയാളം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. എല്ലാ രംഗങ്ങളിലും മുന്നേറുന്ന 'മലയാളി 'ഇന്ന് ആ പേരിന് അർഹനാണോ എന്ന് നാം ഓർക്കേണ്ടതുണ്ട്. അതിനുദാഹരണമാണ് ഈയിടെ മാതൃഭാഷയെ സംരക്ഷിക്കാനായി നടന്ന വിവിധ സമരങ്ങൾ.

നാം നമ്മുടെ ഭാഷയിൽ അഭിമാനം കൊള്ളേണ്ടവരാണ്. കാരണം ലോകത്ത് അധികമാരും സംസാരിക്കാത്തതും എന്നാൽ പഠിക്കാൻ ഏറെ പ്രയാസവുമുള്ള ഭാഷയാണ് 'മലയാളം '. നമ്മൾ മലയാളികൾ നമ്മുടെ മാതൃഭാഷയെ സംരക്ഷിക്കേണ്ടത് അനിവാര്യമാണ്. കേരളത്തിന്റെ പൊതുസ്വത്താണ് മലയാളം. ഇനിയെങ്കിലും മലയാളഭാഷയുടെ പ്രാധാന്യം മനസ്സിലാക്കി അതിനെ പുതുതലമുറകളിലേക്ക് കൈമാറാനും നിലനിർത്താനും നാമേവർക്കും സാധിക്കട്ടെ. മലയാളത്തനിമയുള്ള നല്ലൊരു നാളെക്കായി നമുക്ക് കൈകോർക്കാം



ശ്രീലക്ഷ്മി. എം. എസ്



## സംഖ്യാ ദീപം

സംഖ്യാദീപമേ മിഴിതുറക്കൂ.....
സംഖ്യാദീപമേ തിരി തെളിക്കൂ....
സംഖ്യാദീപമേ കൂട്ടായ് വരൂ....
സംഖ്യാമയമല്ലയോ ഈ പ്രപഞ്ചം
ഭൂഗോളത്തിൻ സ്പന്ദമേ എന്നും ഗണിതം
സ്വരതാളലയങ്ങളും
വർണവർണ്യാദികളും
വർണനാതീതമാം ഗണിതാത്മകം
സംഖ്യാദീപമേ മിഴിതുറക്കൂ.....
സംഖ്യാദീപമേ തിരി തെളിക്കൂ....
സംഖ്യാദീപമേ കൂട്ടായ് വരൂ....
ഗോസും പൈഥഗോറസും
ആർക്കിമിഡീസും ഥേൽസും
പ്രഗദ്ഭരിൽ മുമ്പനാം രാമാനുജവും
തെളിയിച്ച പന്ഥാവിലൂടെ
തുടരും പ്രയാണത്തിൽ
സംഖ്യാദീപമേ മിഴിതുറക്കൂ.....
സംഖ്യാദീപമേ തിരി തെളിക്കൂ....
സംഖ്യാദീപമേ കൂട്ടായ് വരൂ....



**റീന എം ഡി**

കഥ




**രണ്ടക്ഷരം ഇല്ലാത്ത ലോകം**

നല്ല കൂരാകൂരിരുട്ട്.മഴ പെയ്യാനുള്ള സാധ്യത വളരെ കൂടുതലാണ്.ജനൽവാതിൽഞാൻതുറന്നിട്ടു.ആകറുത്തമേഘങ്ങൾക്കിടയിലൂടെ വെള്ളത്തുള്ളികൾ പോലെ മണ്ണിൽ വന്നുവീഴുന്ന തുള്ളികളെ ഞാൻ ആ മങ്ങിയ കണ്ണുകളോടെ കണ്ടു. നല്ല തണുപ്പ്. സമയം എട്ടര. ഞാൻ കിടക്കയിൽ മൂടിപ്പുതച്ച കിടക്കുകയാണ്.ഫാൻ ഓഫ് ആയിരുന്നു. ഞാൻ ഫാൻ ഓണാക്കി, ഫുള്ളിൽ ഇട്ടു. തണുത്തു വിറച്ച് ഒരു കമ്പിളിപ്പുതപ്പിനുള്ളിൽ മൂടിപ്പുതച്ച് ആസ്വദിച്ച് ജീവിത സ്വപ്നങ്ങൾ ഓർത്തു ഓർത്തു കിടക്കുമ്പോൾ.... അടുക്കളയിൽ നിന്ന് ഒരു ശബ്ദം ഡാ മതി.. എണീക്ക്.. അതൊന്നും ഞാൻ മൈൻഡ് ചെയ്തില്ല. വീണ്ടും കിടക്കയിൽ. കുറച്ചുനേരം കഴിഞ്ഞപ്പോൾ ഒരടി. "എന്റെ അമ്മേ " ഞാൻ പറഞ്ഞു ഒരു സമാധാനം തരില്ല ഈ അമ്മ.കിടക്കയിൽ നിന്ന് എണീറ്റു



ഞാൻ ഇരുന്നു... അപ്പോ അമ്മ പറഞ്ഞു പോടാ... പോയി പല്ലുതേക്കടാ..... അപ്പോൾ സൈ്വരക്കേട്ട കൊണ്ടു ഞാൻ പല്ല് തേച്ച് കുളിച്ച് സ്കൂൾ യൂണിഫോം എടുത്തിട്ടു. അടുക്കളയിൽ നിന്ന് നല്ല ഒന്നാന്തരം കറി കാച്ചുന്ന മണം.വായിൽ വെള്ളമൂറി. പ്ലസ്ടുവിൽ പഠിക്കുന്ന എനിക്ക് ഭക്ഷണം വായിൽ വെച്ച് തരാൻ എനിക്ക് എന്റെ അമ്മ വേണം. അങ്ങനെ സ്കൂളിലേക്ക് പോയി. താൽപര്യം ഉണ്ടായിട്ടല്ല. അമ്മ ഉന്തിത്തള്ളി പറഞ്ഞയച്ചു അതാണ് സത്യം.

ഇനി ഞാൻ, എന്റെ പേര് അപ്പു. എന്റെ അമ്മ നീലിമ. ഞാൻ അമ്മയെ നീലി എന്ന് വിളിക്കും. എന്റെ അഹങ്കാരമാണ് എന്റെ അമ്മ. എനിക്ക് അമ്മയും അമ്മക്ക് ഞാനും. അച്ഛൻ ഞങ്ങളെ ഒറ്റയ്ക്കാക്കി പണ്ടേ പോയി. അന്നത്തെ എന്റെ അമ്മയുടെ രോദനം ഇന്നും ഞാൻ ഓർക്കുന്നു. ഞങ്ങളെ ഒറ്റക്കാക്കി പോയ അച്ഛനെ ഓർക്കാനുള്ള ഒന്ന്, അച്ഛന്റെ വണ്ടി ആർ. എക്സ്. ഹൺഡ്രഡ്. അമ്മയുടെ ബലം ആയിരുന്ന അച്ഛൻ. അച്ഛൻ പോയപ്പോൾ അമ്മയുടെ ബലവും പോയി. തിരിച്ചു പിടിക്കാൻ ഞാൻ എടുത്തത്. ഒരു മാസം. ആദ്യം കുറച്ചു ദിവസങ്ങളിൽ കുടുംബക്കാർ കൂടെ ഉണ്ടായിരുന്നു. എങ്കിലും പിന്നീട് പൈസയുടെ കാര്യങ്ങൾ വന്നപ്പോൾ ഞങ്ങളെ ഒറ്റയ്ക്ക് ആകുകയാണ് ഞങ്ങൾക്കു തോന്നി. തോന്നൽ ആയിരുന്നില്ല അത് ഒരു സത്യമായിരുന്നു. അന്ന് ഞങ്ങൾ തീരുമാനിച്ചു ആരുടേയും കാല് പിടിച്ച് ചെല്ലില്ല എന്ന്. ഞങ്ങൾക്ക് ഞങ്ങൾ മാത്രം എന്ന നിലപാടായിരുന്നു. അങ്ങനെ നീറി നീറി ആയിരുന്നു ഞങ്ങൾ ഓരോ ദിവസവും തള്ളിനീക്കിയിരുന്നത്.

കഥ ബോർ ആക്കുന്നില്ല, സ്കൂളിലെത്തി. കൂട്ടുകാരുമായി കളിച്ച് ക്ലാസ് ഒന്നും ശ്രദ്ധിക്കാതെ ചിരിച്ച് നടക്കുന്ന സമയം. ഓരോരുത്തരേയും കുറിച്ച് കമന്റ് അടിച്ചിരിക്കുമ്പോൾ. ക്ലാസിലേക്ക് ഒരു പുതിയ കുട്ടി. ഒരു പെൺകുട്ടിയാണ് ആദ്യമേ അറിഞ്ഞിരുന്നു. അങ്ങനെ അവൾ വന്നു. നല്ല മൊഞ്ചത്തി കുട്ടി. അവളോട് ഇഷ്ടമാണെന്ന് പറയാൻ എന്റെ മനസ്സ് തുടിച്ചു. പക്ഷേ അവൾ എങ്ങാനും ഇഷ്ടമല്ല എന്ന് പറഞ്ഞാലോ എന്ന്



എന്റെ മനസ്സ് പേടിച്ചു. അവസാനം അവളോട് എന്റെ കൂട്ടുകാർ ചെന്നു പറഞ്ഞു. അവൾ പറഞ്ഞ ഒരു മറുപടിയായിരുന്നു...അയ്യേ.... ഈ കറുമ്പനെയാ..... ആദ്യം നല്ല വിഷമം ഉണ്ടായിരുന്നു. എന്റെ ഈ കറുപ്പിനെ എല്ലാവരും കളിയാക്കി. എന്റെ അമ്മ എന്നോട് പറഞ്ഞു നിന്നെ ആണ് ഏറ്റവും ഭംഗി. നിറത്തിൽ അല്ല, മനസ്സുകൊണ്ട്. നിന്റെ മനസ്സ് കണ്ട് നിന്നെ സ്നേഹിക്കുന്ന ഒരു പെണ്ണ് വരും. എന്ന് എന്റെ അമ്മ എന്നോട് പറഞ്ഞു. അന്ന് ഞാൻ തീരുമാനിച്ചു ഒരു പെണ്ണിനെയും പിന്നാലെ പോകില്ല എന്ന്. ഒരു ദിവസം അങ്ങനെ അമ്മയായി തല്ലുകൂടി. ഞാൻ മിണ്ടിയില്ല.... അങ്ങനെ രണ്ടു ദിവസം.....

മൂന്നാം ദിവസം, ഞാൻ സ്കൂളിൽ പോയപ്പോൾ എന്നോട് ഒരു പെൺകുട്ടിക്ക് ഇഷ്ടം ആണെന്ന് കേട്ടു. അത് സത്യമാണോ എന്നറിയാൻ ഞാൻ അവളോട് ചെന്നു ചോദിച്ചു. സത്യമായിരുന്നു അത് . നീ എന്ത് കണ്ടിട്ടാ എന്നെ ഇഷ്ടപ്പെട്ടതു എന്ന് ചോദിച്ചു. അപ്പോൾ അവൾ പറഞ്ഞു.... ചേട്ടന്റെ മനസ്സ് കണ്ടിട്ട്.... അപ്പോൾ എനിക്ക് അമ്മ പറഞ്ഞ വാക്കുകൾ ഓർമ്മ വന്നു. അവളോട് ഉത്തരം ഞാൻ നാളെ പറയാം എന്ന് പറഞ്ഞു. അമ്മയോട് പറയാനുള്ള ആകാംക്ഷയോടെ വീട്ടിലേക്ക് ഞാൻ സൈക്കിളിൽ കുതിച്ചുപാഞ്ഞു.

വീടിന്റെ മുറ്റത്ത് നിറയെ കാറുകളും ബൈക്കുകളും. എല്ലാവരും എന്നെ ഉറ്റു നോക്കി. മുറ്റത്തു നിന്ന ഞാൻ വിളിച്ചു.. അമ്മേ.... ആ വിളി കേൾക്കാൻ ഉണ്ടായിരുന്ന ഒരാൾ ഇപ്പോൾ ഇല്ല.... നെഞ്ചിൽ ആളിക്കത്തുന്ന, സ്നേഹത്തിന്റെ വാത്സല്യം ആകുന്ന, അമ്മ കെട്ടു. ഇനി ഞാൻ ഒറ്റയ്ക്ക്. എന്നെ ചീത്ത പറയാനും, എനിക്ക് തല്ലു കൂടാനും, ഇന്ന് എന്റെ കൂടെ ആരുമില്ല. അമ്മയോട് പറയാൻ ആഗ്രഹിച്ച എന്റെ സ്വപ്നം ഇന്നും ബാക്കി. ആ സ്വപ്നം ഞാൻ മറക്കാൻ ശ്രമിച്ചു. ഇന്ന് ഞാൻ ഒരു ജില്ലാ കളക്ടർ. എന്റെ അമ്മയുടെ സ്വപ്നം. പാതി വഴിയിൽ ഞാൻ ഉപേക്ഷിച്ച എന്റെ സ്വപ്നത്തിനപ്പുറം അമ്മയുടെ ആഗ്രഹങ്ങൾ തുന്നിച്ചേർത്തു പൂർത്തീകരിച്ചു. ഇന്നും ഞാൻ ഈ സ്ഥാനത്ത് ഇരിക്കുമ്പോൾ, അമ്മ എന്ന രണ്ടക്ഷരം ഇല്ലാത്ത ലോകത്ത് ഞാൻ ജീവിച്ചു. ഇന്നും അടുക്കളയിൽ പുട്ടുകുറ്റിയിൽ നിന്ന് ആവി പറക്കുമ്പോൾ, ഞാൻ എന്റെ അമ്മയെ ഓർക്കുന്നു. നെറ്റിയിൽ സിന്ദൂരവും, ചന്ദനക്കുറിയും, തൊട്ട് വട്ട പൊട്ടും, ഈറൻ മുടിയിൽ തോർത്ത് മുണ്ട് കൊണ്ട് വാരികെട്ടി, നിറഞ്ഞുതുളുമ്പുന്ന പുഞ്ചിരിയുമായി പ്രഭാതത്തിൽ കണികാണുന്ന അമ്മയുടെ മുഖം ഓർത്തുകൊണ്ട് ഞാൻ ഇന്നും ജീവിക്കുന്നു........



**സ്നേധ**



## ഉണർവ്വ്

എത്രയുഷസ്സുകളിലുണർന്നു നാം
ഇന്നൊരുഷസ്സിലും ഞാനുണർന്നു
പുത്തൻ പ്രതിജ്ഞകൾ പ്രതീക്ഷകളുമായ്
ഉണർവിൻ ഹേതുവെന്തെന്നാരായുന്നു മനമിപ്പോൾ
കിഴക്കുയർന്നു രവിയപ്പോൾ
പുത്തനായ് ഉളുകുന്നതിൻ വീചികൾ
ഉണർവിൻ ഹേതു താനെന്നർക്കൻ
എൻ മിഴികളിൽ പ്രകാശം നിറച്ചോതി
ക്ഷീണമില്ലാതുള്ള ക്ഷോണിതൻ യാത്രയിൽ
കതിനോരനഭിമുഖം പകലായ് വരവേ,
എതിർ മുഖമിരവായ് പോകവേ
ഉഷസ്സന്ധ്യകൾ ആതിഥ്യമരുളുന്നു.
ആഹ്ലാദാരവങ്ങളാൽ കിളികൾ പാടീ
അംബുജ സൂനങ്ങൾ സ്വാഗതമറിയിച്ചു
ജീവൻ തുടിക്കും സസ്യജീവി വർഗ്ഗങ്ങളെ-
ല്ലാരുമക്കതിരോനെ വണങ്ങിടുന്നു.
നിനച്ചിരിക്കാതർക്കനെൻ തലയിൽ
താപമേറ്റി മദ്ധ്യാഹ്നമെന്നോതുന്നു.

ഹരിതമാം ഭൂമിയെ മരുഭൂവാക്കുന്ന
മർത്ത്യനും ദാഹിക്കുന്നൊരു തുള്ളി നീരിനായ്
കാവേരികൾ തൻ നീരിനായ്
ഇരുഭാഗം മാനുഷർ പൊരുതിടുമ്പോൾ
ആരോരുമറിയാതെ വറ്റുന്നു നീർ
ദിനകരൻ തൻ കതിർ കരങ്ങളാൽ
വീണ്ടുമാ നീർ വർഷിച്ച നേരം കാലവർഷം
സപ്തവർണ്ണങ്ങളാലൊരുക്കുന്നു വില്ലുകൾ
തൻ ധവള നിറത്തിലല്ലോ വീണ്ടും
തുഷാരബിന്ദുവിൽ പൂക്കുന്നീ കതിരുകൾ
കുടിക്കുന്നു മോട്ടോറുകളതിൻ ദാഹജലം
വറ്റാറായ് ഭൂമിയിലെയി ന്ധനങ്ങൾ
ഊർജ്ജസ്വലമാം ഊർജ്ജത്തിൻ
സെല്ലുകൾ
തരുന്നീ സൂര്യനപ്പോൾ
ഒന്നു ഞാനർക്കനെ നോക്കിയപ്പോൾ
ഒളിഞ്ഞു പോകുന്നാഴി തൻ മറവിലായ്
ആകാശവീഥിയിൽ ചെങ്കതിർ തൂകി
സന്ധ്യയായ് നേരമെന്നോർത്തു.
വീണ്ടും കാണാമെന്നാശിച്ച ഞാൻ
വീണ്ടുമുഷസ്സിൽ വീണ്ടുമുണർവിൽ
പ്രകൃതി നൽകുന്നല്ലോ നിത്യവും പാഠങ്ങളായ്
പ്രളയവുമൊരു ഓർമ്മപ്പെടുത്തലായ്
നമുക്കകൃത സിദ്ധാന്തങ്ങൾ നീക്കുവാൻ ശോഭിച്ചീടാൻ





**മനോഹിത്.കെ.എൽ**

അനുഭവക്കുറിപ്പ്



**ദു:ഖവെള്ളി**

അന്നൊരു വെള്ളിയാഴ്ചയായിരുന്നു. മാസമോ തിയ്യതിയോ ഓർമ്മയില്ല.9-ാം ക്ലാസ്സിലായിരുന്നു: പാക്കിസ്ഥാൻ ഹാളിലെ പഴയ ഓഫീസിനു മുന്നിലുള്ള ക്ലാസ്സിലായിരുന്നു.എന്റെ അയൽക്കാരികോമള കുമാരി ടീച്ചറാ ക്ലാസ്സ് ടീച്ചർ.ടീച്ചർ വളരെ strict ആണ് ടീച്ചറെ പേടിച്ച് ഇന്റർവെൽ സമയത്ത് പോലും ക്ലാസ്സിൽനിന്നിറങ്ങാറില്ല.അബദ്ധവശാൽ എന്തെങ്കിലും അത്യാവശ്യത്തിന് - എന്തിന് - ടോയ്ലറ്റിൽ പോയ് വരുന്നത് കണ്ടാലും 'കറങ്ങി നടക്കാലേ ' എന്ന ടീച്ചറുടെ ചോദ്യം പേടിച്ച് മൂത്രമൊഴിക്കലും വീട്ടിൽ മാത്രമായി ചുരുക്കി (അന്നത്തെ ടോയ്ലറ്റിന്റെ അവസ്ഥ ഓർക്കുമ്പോൾ ഇപ്പഴും ഓക്കാനം വരുമെന്നത് മറുപുറം). 'മൂത്രം പിടിച്ചു വെക്കരുത്, ധാരാളം വെള്ളം കുടിക്കണം, വെള്ളംകുടിച്ചില്ലെങ്കിൽ മൂത്രത്തിൽ പഴുപ്പ് വരും' എന്നൊക്കെ പഠിപ്പിക്കുന്ന ബയോളജി ടീച്ചർ തന്നെ ഇതു പറയുമ്പൊ - തിരിച്ചു ചോദിക്കണംന്നുണ്ട്.. ധൈര്യമില്ലാത്ത തോണ്ട് വിഴുങ്ങി. ഒമ്പതാം ക്ലാസ്സിൽ എനിക്കൊരു Special കൂട്ടുകാരിയുണ്ടായിരുന്നു - രഹന സുൽത്താന-Special എന്നു പറയാൻ കാരണമുണ്ട്. സ്കൂളിലെ അധ്യാപകർക്കൊന്നും രഹനയെ ഇഷ്ടമല്ല. അന്നൊക്കെ സ്കൂളിലെ പെൺകുട്ടികളൊക്കെ ഇരുവശത്തും മുടിയിൽ റിബൺ കെട്ടും. മുടി മുന്നിലേക്കി ടാറില്ല-അങ്ങിനെ ചെയ്താൽ അവൾ നോട്ടപ്പുള്ളിയാണ്. ആ കാലത്താണ് രഹന ഷാംപൂ ചെയ്ത മുടി മുന്നിൽ വെട്ടിയിട്ട്, ഒരു വശത്തെ മുടി മുന്നിലേക്കിട്ട് പുരികമൊക്കെ ത്രെഡ്

ചെയ്ത് നെഞ്ചും വിരിച്ചങ്ങനെ സ്റ്റൈലായി നടക്കുന്നത്. എന്തിനധികം - പെൺകുട്ടികൾ അസൂയയോടെയും ആൺകുട്ടികൾ ആരാധനയോടെയും അധ്യാപകർ അമർഷത്തോടെയും രഹനയെ നോക്കും. അധ്യാപകരുടെ താക്കീതു മാനിച്ച് പെൺകുട്ടികളാരും രഹനയോട് മിണ്ടാറില്ല.



രഹനക്ക് വയസ്സും കൂടുതലാട്ടാ... ക്ലാസ്സിലിലെ കുമ്പനായിരുന്ന ജിഷനെപ്പോഴും രഹനയുടെ മുടിയിലെ ചെമ്പകപ്പൂവെടുക്കും - വേറെ പെൺകുട്ടികളായിരുന്നെങ്കിൽ അവന് തല്ല് കൊള്ളിച്ചേനെ രഹന പക്ഷേ ചിരിച്ചിട്ട് "താടാ" എന്ന പറയുംആൺകുട്ടികളോട് സംസാരിക്കാൻ പെൺകുട്ടികൾ ഭയന്നിരുന്ന കാലമായിരുന്നു അത് ഉള്ളിൽ ആഗ്രഹമില്ലാഞ്ഞല്ല, അധ്യാപകരെ പേടിച്ചാട്ടോ) എന്നാ രഹനക്കൊരു കൂസലുമില്ല എല്ലാ ആൺകുട്ടികളോടും സംസാരിക്കും ചിരിക്കും.ഇൻറർവെൽ സമയങ്ങളിൽ സ്കൂളിലെ മുതിർന്ന ആൺകുട്ടികളെല്ലാം ഞങ്ങളുടെ class പരിസരത്തായിരിക്കും. രഹനക്കെന്നോട് വല്യ ഇഷ്ടായിരുന്നു. സുന്ദരിയായ രഹനയെ കാണുമ്പോൾ ഉള്ളിൽ അപകർഷതാബോധമുണരുമെങ്കിലും അസൂയയല്ല ആരാധനയായിരുന്നു എനിക്ക്. പാഡ് നേരെയാക്കാൻ ടോയ്ലറ്റിലേക്ക് കൂട്ടിന് രഹനയെന്നെ വിളിക്കും (ഞങ്ങളന്ന് പാഡിനെ പറ്റി കേട്ടിട്ടേ ഉള്ളു). ടീച്ചറെ പേടിച്ചാണെങ്കിലും രഹനയെ പിണക്കാതിരിക്കാൻ ഇടക്കൊക്കെ ഞാൻ കൂട്ടു പോകും. ഇടവഴിയിൽ കാത്തു നിൽക്കണ

കാമുകനെ കാണാൻ കൂടിയാണ് ആ പോക്കെന്ന് പിന്നീടെനിക്ക് മനസ്സിലായി .രഹനയുടെ സഹോദരൻ മജീദ് സ്കൂളിലെ Senior Student ആയിരുന്നു.വിവരം പാട്ടായതോടെ അവനാ പാവങ്ങളെ രണ്ടിനേം തല്ലിച്ചതച്ചു. രഹനേടെ പഠിപ്പും നിർത്തി.ഇപ്പൊ വഴിയിൽ വെച്ച് കാണുമ്പോഴും ആ പഴയ കലിപ്പെനിക്കവനോടുണ്ട്.
പോയത് നന്നായി എന്ന് അധ്യാപകർ ക്ലാസ്സിൽ പ്രഖ്യാപിച്ചു. പെൺകുട്ടികൾ ഉള്ളിൽ സന്തോഷിച്ചു- ഞാനും ജിഷനും വിഷമിച്ചു.പോകുന്നതിന് മുമ്പ് രഹന എനിക്കൊരു ചുവപ്പ് തൊപ്പി തട്ടം തന്നു. അന്നത്തെ ഫാഷനായിരുന്നു. അത് ഞാൻ കുറേ കാലം സൂക്ഷിച്ചു - പിന്നൊരു പച്ച മണിമാലയും .വെള്ളിയാഴ്ചത്തെ സംഭവം ഇതിനു ശേഷമാണ്. ഞാനും ഉഷയും ഷൈലജയും നല്ല കൂട്ടായിരുന്നു. ഉഷ അവളുടെ വീട്ടിലേക്ക് എന്നും ഞങ്ങളെ ക്ഷണിക്കും. ചൂലൂരായിരുന്നു ഉഷയുടെ വീട്. അന്ന് ഞങ്ങളൊക്കെ വീട്ടിൽ സമ്മതം വാങ്ങി ഉച്ചയിലെ നീണ്ട ഇൻറർവെലിന്  നേരത്തെ ഊണ് കഴിച്ച് മൂന്നാളും കൂടി ആഞ്ഞുപിടിച്ചു. ഇഷ്ടികയും ഓലയും ചേർന്ന ഭംഗിയുള്ള വീട്. അകത്ത് കേറിയില്ല കരിയിട്ട വരാന്തയിലിരുന്ന് അമ്മയുണ്ടാക്കിയ കട്ടൻ ചായ കുടിച്ച് പ്ലേറ്റിലെ കൊക്കുവട തിന്നാൻ നേരമില്ലാത്തോണ്ട് ,കയ്യിലെടുത്ത്പിടിച്ച്ഒരോട്ടമായിരുന്നു.2.30 നാബെല്ലടിക്കേണ്ടത്.ഒന്നേമുക്കാലാവുന്നതേയുള്ളൂ. പാക്കിസ്ഥാൻ ഹാളിലെത്തിയ പ്പൊ പകച്ചുപോയി.അവിടെ ക്ലാസ്സുകളിൽ ആരുമില്ല. ബാഗുകളുമില്ല. മൂന്നാളും വിയർത്തു വിറക്കാൻ തുടങ്ങി. പതിവില്ലാതെ നേരത്തെ ക്ലാസ്സും തുടങ്ങി. പേടിച്ചരണ്ട് ക്ലാസ്സ് റൂമിന് നേരെ നടക്കുമ്പോൾ .. എതിരേ'... മുണ്ടിന്റെ ഒരു തല മടക്കി കക്ഷത്തിൽ വെച്ച് മറ്റേ കയ്യിൽ ചൂരലും പിടിച്ച്, കത്തുന്ന കണ്ണുമായി, ഇപ്പൊ ചാടി വീഴുമെന്ന ഭാവത്തോടെ.. സാക്ഷാൽ ഗോവിന്ദൻ മാഷ്!



ആദ്യത്തെ മരണവേദന അന്നറിഞ്ഞു. പിന്നീടുള്ള ചോദ്യങ്ങളൊക്കെ ദൈവ സമക്ഷമായിരുന്നു.അതു കൊണ്ട് തന്നെഎല്ലാ ചോദ്യങ്ങൾക്കും സത്യസന്ധമായി ഉത്തരം പറഞ്ഞു.

ചെയ്തത് കൊടും പാതകമായതുകൊണ്ട് ശിക്ഷ നരകം തന്നെ എന്നുറപ്പിച്ചു. ശിക്ഷിക്കരുതേ എന്ന് യാചിക്കുന്നുണ്ട്. പക്ഷേ ജീവനില്ലാത്തതു കൊണ്ട് ശബ്ദം പുറത്ത് വരുന്നില്ല. ന്യൂ ഹാളിലെ കിഴക്കേ അറ്റത്തായിരുന്ന (പുതിയ 9c) പുതിയ class room.അസംബ്ലി ഗ്രൗണ്ടിന് ചുറ്റുമുള്ള ക്ലാസ്സ് മുറികളിലൊന്നായതു കൊണ്ട് കുറ്റവാളികളെ എല്ലാവരും ഉറ്റ് നോക്കി.മുഖം കഴിയാവുന്നത്ര കുനിച്ച് സഹപാഠികളും ..ടീച്ചറും എഴുന്നേറ്റു നിന്നു. ചെയ്ത പാപങ്ങൾ എണ്ണിയെണ്ണി നിരത്തി... കൈ നീട്ടാൻ ആക്രോശിച്ചു.സ്കൂൾ നിശ്ശബ്ദമായി. തടിയൻ ചൂരൽ ആറ് വട്ടം ഉയർന്ന് പൊങ്ങി.ചോരയൊഴുകിയത് കണ്ണിൽ നിന്നായിരുന്നു. മാനക്കേട് കൊണ്ട് വേദന മറന്നു.

ശിക്ഷ കഴിഞ്ഞ് എല്ലാവർക്കുമുള്ള താക്കീ തോടെ ദൈവം തിരിച്ചു പോയി. എന്തിനാ സത്യം പറഞ്ഞതെന്ന് കൂട്ടുകാർ ചോദിച്ചു. ക്ലാസ്സിലെ നല്ല കുട്ടികളായിരുന്നതുകൊണ്ട് ടീച്ചർക്കും വിഷമമായി. ദൈവ വാക്കിന് മറുവാക്കില്ലല്ലോ... ക്ലാസ്സിലെ വികൃതികളായ സാത്താന്മാർ ആഞ്ഞ് ചിരിച്ചു. അടി കിട്ടിയ ഉള്ളംകൈ ഇടത്താണോ, വലത്താണോ എന്നോർമ്മയില്ല. പക്ഷേ ആ വേദന ഹൃദയത്തിലേൽപിച്ച മുറിവ് ഇന്നും ഉണങ്ങിയിട്ടില്ല. മാതൃകാ അധ്യാപകനായി, ദേശീയ അധ്യാപക അവാർഡ് നേടിയ അദ്ദേഹത്തെ ഞാനാദരിക്കുന്നു. ഇന്നും അദ്ദേഹത്തെ കാണുമ്പോൾ എന്റെ ഹൃദയത്തിൽ ഒരു നീറ്റലായി ... ആ പഴയ വേദന....



**ബേബി.സി.എസ്**

കവിത



## എൻ ഗുരുനാഥ

നല്ലതു പഠിപ്പിച്ചു തരുമെൻ ഗുരുനാഥ
നന്മ തൻ നേർവഴി കാട്ടുമെൻ ഗുരുനാഥ
ആദരമേറെ നൽകുന്നു ഞാനെപ്പൊഴും
എന്നുമെന്നോർമ്മയിൽ വിളങ്ങുമെൻ ഗുരുനാഥ
വിനയം പഠിപ്പിച്ചു മാതൃകയാക്കിയും
നന്മയോടെന്നെന്നും വാഴുമെൻ ഗുരുനാഥ
'മാതാ പിതാ ഗുരു ദൈവ'മെന്നാദ്യമായി
ചൊല്ലിടുന്നെന്നും
ഞാനുമെൻ കൂട്ടരും....



**കൃഷ്ണപ്രിയ.വി.എസ്**

വായനക്കുറിപ്പ്



## ബാല്യകാലസഖി

ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്ന പ്രശസ്ത കഥാകൃത്തും നോവലിസ്റ്റും ആയ  ശ്രീ വൈക്കം മുഹമ്മദ് ബഷീറിന്റെ വളരെ പ്രശസ്തമായ നോവലാണ് ബാല്യകാലസഖി. ബാല്യകാലസഖി ജീവിതത്തിൽ നിന്നും വലിച്ചു ചീന്തിയ ഒരേടാണ്. വക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നു. ശ്രീ എം.പി പോൾ ആണ് ഈ നോവലിന്റെ അവതാരിക എഴുതിയിരിക്കുന്നത്. അമ്പതു രൂപയാണ് ഈ പുസ്തകത്തിന്റെ വില. വളരെ ലളിതമായാണ് ബഷീർ തന്റെ നോവൽ രചിച്ചിരിക്കുന്നത്. അതുകൊണ്ടു തന്നെ ഏതൊരു സാധാരണ ക്കാരനും വളരെ പെട്ടെന്ന് തന്നെ വായിച്ചു മനസ്സിലാക്കാനാവും. ഈ നോവലിലെ പ്രധാന കഥാപാത്രങ്ങൾ മജീദും സുഹറയുമാണ്. കഥാനായകനായ മജീദും നായിക സുഹറയും കണ്ടുമുട്ടുന്നത് അവർക്ക് യഥാക്രമം ഒമ്പതും ഏഴും വയസ്സുള്ളപ്പോഴായിരുന്നു. ബാല്യകാലം തൊട്ടേ അവർ സുഹൃത്തുക്കളായിരുന്നെങ്കിലും അവർ പരിചിതരാകുന്നതിനു മുമ്പേ

ബന്ധശത്രുക്കളായിരുന്നു എന്നതാണ് രസകരമായ വസ്തുത. അവരെ ആദ്യം വൈകാരികളാക്കിയതും പിന്നീടടുപ്പിച്ചതും സുഹറയുടെ വീടിനടുത്തുള്ള തൈമാവിലെ മൂത്തുപഴുത്ത മധുരമൂറുന്ന മാമ്പഴങ്ങളായിരുന്നു. വയസ്സിൽ വ്യത്യാസമുണ്ടെങ്കിലും മജീദും സുഹറയും ഒരേ ക്ലാസ്സിലാണ് പഠിച്ചിരുന്നത്. സുഹറ കണക്കിൽ മിടുമിടുക്കിയും മജീദ് ഒരു മരമണ്ടനും. ഒന്നും ഒന്നും ഇമ്മിണി ബല്യ ഒന്ന് എന്ന കണക്കിലെ പുതിയ തത്വം കണ്ടുപിടിച്ചതും മജീദായിരുന്നു. ഇങ്ങനെ വായനക്കാരെ രസിപ്പിക്കുന്ന രീതിയിലാണ് ഈ കഥ തുടങ്ങിയിരിക്കുന്നത്. എന്നാൽ ഈ നോവലിന്റെ അവസാന ഭാഗം ഏതൊരു വായനക്കാരെയും കണ്ണുനിറയിക്കും. വളരെ ആകാംശയോടു കൂടി  കഥ വായിച്ചു വന്ന എന്റെ കണ്ണുകളും അവസാനമായപ്പോഴേക്കും നിറഞ്ഞു. അതെന്താണെന്ന് നിങ്ങൾക്കും അറിയാൻ ആകാംക്ഷയില്ലേ? വൈക്കം മുഹമ്മദ് ബഷീറിന്റെ ബാല്യകാലസഖി നിങ്ങളും വായിക്കണം.ഈ കഥയിലെ പാത്രങ്ങൾക്ക് അനാദൃശ്യമായ വ്യക്തിവിശേഷവും സ്ഫുടതയുമുണ്ട് . ബഷീർ അവർകളുടെ വ്യക്തിപരമായ കലാഗുണമെന്തെന്നു   ചോദിച്ചാൽ, ഭാവദീപ് തിയാണെന്നു നിശ്ശങ്കം പറയാം. ഉന്നതമായ ഭാവനയും വിസ്തൃതമായ ലോകാനുഭവവും സൂക്ഷ്മമായ മനുഷ്യഹൃദയജ്ഞാനവും ഈ കഥയിൽ സമന്വയിക്കുന്നുണ്ട്



**അമീന കെ. ബി**

**ഉപന്യാസം**



## തോരാത്ത ആ മഴ……

ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനത്തിനാണ് ആ ഒന്നിപ്പിന്റെയും നഷ്ടപടിന്റെയും പ്രതിമായിത്തീർന്ന കൊടും കറ്റായി തീർന്ന ആ 'മഴ'.പ്രളയ ദുരന്തമാണ് ആ സംഭവം.കേരളത്തിലെ നാനാ ഭാഗങ്ങളിലും ഈ പ്രളയം ഉണ്ടായിതീർന്നത്.എത്രയെത്ര കുടുംബങ്ങൾ എത്രയെത്രെ വീടുകൾ, കടകൾ,എല്ലാവിധ ഘടതിൽ എത്ര പേർക്കാണ് ഈ പറഞ്ഞ കാര്യങ്ങൾ നഷ്ടപ്പെട്ടത്.സാമ്പത്തികശേഷിയില്ലാത്ത കൂലിപ്പണി ചെയ്തു ജീവിച്ചു കഷ്ടപ്പെട്ട് ബുദ്ധിമുട്ടി ഉണ്ടാക്കി പണിതീർത്ത എത്രയെത്ര വീടുകൾ.അന്ന് പെയ്ത മഴ ആഗസ്റ്റ് 25 വരെ തോർന്നില്ല.എന്താണ് ഇതിന്റെയൊക്കെ ഉത്തരം? ഒരറ്റ കാര്യമാണ് 'മനുഷ്യർ' ഇവർ അല്ല നമ്മൾ തന്നെയാണ് ഇതിനൊക്കെകാരണക്കാർ.പ്രകൃതിയെ നശിപ്പിച്ചു ഫ്ലാറ്റും വലിയ മാളികയും പണിതുയർത്തി കൊണ്ടുവന്നാൽ അതു പ്രകൃതിക്കു സന്തോഷമാകുമോ? ഇല്ല.കാരണം എവിടെയൊക്കെയാണ് പച്ചപിടിച്ചു പുലരേണ്ടത് അവർ അവിടെ തന്നെ വസിക്കണം.

പ്രളയം എന്ന ഈ ദുരന്തത്തിൽ വിഷയം മനുഷ്യരായുള്ള നമ്മൾ തന്നെയാണ്. പ്രകൃതിയെ നശിപ്പിക്കാൻ ശ്രമിച്ചാൽ പ്രകൃതി നമ്മുക്ക് സൗജന്യമായി അതിനിരട്ടി സമ്മാനങ്ങൾ തന്നു വിട്ടുന്നത് അതിനൊരു ശീലമായേകാം. ഈ ദുരന്തം ഒഴിവാക്കാൻ മനുഷ്യർക്കു തന്നെ സാധിക്കുകയുള്ളൂ. കാരണം നിങ്ങളൊന്നു ആലോചിച്ചു

നോക്കു,ഈ ദുരന്തത്തിൽ സാമ്പത്തികമുള്ളവനും ഇല്ലാത്തവനും ഒരേ പായയിൽ കിടന്നിരുന്നു.ഉള്ളവനും ഇല്ലാത്തവനും ഒന്നായി.രസിച്ചവരും നിരസിച്ചവരും ഒന്നായിത്തീർന്നു.

കേരളമൊട്ടാകെ ഈ ദുരന്തം കണ്ടുവന്നപ്പോൾ ചില രണ്ടു മൂന്നു നില വീടുള്ള പലരും പറഞ്ഞിരുന്ന വാചകമുണ്ട് "ഞങ്ങളുടെ വലിയ വീടാണ് ഇതിനകത്തൊന്നും വെള്ളം കയറില്ല".പക്ഷെ ആ വീടിന്റെ സൺഷെയ്ഡ് വരെ മുങ്ങിനിന്നിരുന്നു.അഹങ്കാരം ഉള്ളിൽ വെച്ചാണ് ആ കാര്യം പറഞ്ഞിരുന്നത്.ചില വീടുകൾ കാണാൻ പോലുമില്ല.കാരണം 'ബണ്ട്' എന്ന സംഭവം ഈ മഴയുള്ള സമയത്തു പൊട്ടിയിരുന്നു.അതുകൊണ്ടു ആ ഇടങ്ങളിലെ വീടുകൾ മുങ്ങിപ്പോയി.എത്രയോ പേരാണ് രക്ഷാപ്രവർത്തനത്തിനായി വന്നിരുന്നത്.രക്ഷാപ്രവർത്തനതിനിടയിൽ പല യുവാക്കളുടെയും ജീവൻ പൊലിഞ്ഞു.

അതുകഴിഞ്ഞതിനു ശേഷമാണ് 'ദുരിതാശ്വാസ ക്യാമ്പ്' നിലവിൽ വന്നത് .ആ വാക്കിൽ തന്നെയുണ്ട് അതിന്റെ അർത്ഥം ദുരിതത്തിൽ നിന്നു ആശ്വാസമലഭിക്കാനുള്ള ക്യാമ്പ്. ദുരിതാശ്വാസക്യാമ്പിൽ നിന്നു തന്നെഎത്രയധികം സാധനങ്ങളാണ് ലഭിച്ചിരുന്നത്.പക്ഷെ എന്തൊക്കെയായാലും എത്രയൊക്കെയായാലും സ്വന്തം വീട് നഷ്ടപ്പെടുന്നതിന്റെ വേദന വളരെ വലുതാണ്.ആ കാര്യം വീടുള്ളവർക്കറിയാം.പ്രളയത്തിനു ശേഷം പഞ്ചായത്തിൽ നിന്നും വീടുകൾ വൃത്തിയാക്കിയിരുന്നു.അവിടുത്തെ സംഭവം വളരെ ദയനീയമായിരുന്നു.കാരണം വീടിനുള്ളിൽ ഇഴജന്തുക്കൾ കയറിയിരുന്നു.അതിന്ടെ ശല്യം ഏറെയായിരുന്നു.മന്ത്രിമാർ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചിരുന്നു.ധാരാളം സഹായങ്ങൾ ലഭിച്ചു.അതുകൊണ്ടാണ് ഏറെ കാലമായി പറയുന്നത് "പ്രകൃതിയെ കഴിഞ്ഞിട്ടുള്ളൂ വേറെന്തും".



നിസ്മ.കെ.എം

യാത്രാവിവരണം



**കൂട്ടുകാരുമൊത്ത് ഒരു യാത്ര**

എൻ്റെ  ജീവിതത്തിലെ കുറേ ആഗ്രഹങ്ങളിൽ ഒന്നായിരുന്നു എൻ്റെ കൂട്ടുക്കാരുമൊത്തൊരു യാത്ര. കരഞ്ഞു കരഞ്ഞു വർഷങ്ങൾ പോയി അവസാനം ഞാൻ ഏഴാം ക്ലാസിലെത്തി. ജനുവരി 15 ന് ബുധനാഴ്ച രാവിലെ പുറപ്പെട്ടു. യാത്ര അധികം ദൂരേക്കായിരുന്നില്ല എറണാകുളം .യാത്ര അവിടെക്കാണെങ്കിലും ആദ്യമായി ഒരു ടൂർ പോകുമ്പോൾ ഉള്ള സന്തോഷം അറിയണമെങ്കിൽ ആറ് വർഷം ടൂർ പോകാതെ ഏഴാം വർഷം ടൂർ പോയി നോക്കണം എൻ്റെ ജീവിതത്തിൽ ഞാൻ ആദ്യം പോയിട്ടുള്ളതും ആ   ടൂറിലാണ്. എൻ്റെ കൂട്ടുകാരുമൊത്ത് ആടിയും പാടിയും കളിച്ചും രസിച്ചുംഭക്ഷണങ്ങൾ പങ്കു വച്ചും ഞങ്ങൾ ആയാത്രകൊഴുപ്പിച്ചു.ഞാൻആദ്യംയാത്രപോകുന്നത് ശ്രീവിലാസ് സ്കൂളിൽ വച്ചാണ്. അവിടെ വച്ചാദ്യമായി ടൂർ പോകുമ്പോൾ സത്യമായിട്ടും കണ്ണുനിറഞ്ഞുപോയി . സനീഷ് മാഷിനോടൊപ്പം കപ്പലിൽ കളിച്ചു. പ്രവീൺ മാഷിനോടൊപ്പം കഥകൾ പറഞ്ഞു കൂട്ടുകാരോടൊത്ത് ബസ്സിൽ കളിച്ചു. ഓരോതരം കളിസാധനങ്ങളിൽകയറി  ഐസ്ക്രീം കഴിച്ചു. കൂട്ടുകാരോടൊപ്പം ഫോട്ടോ എടുത്തു. അവസാനം 9.45 ന് വീട്ടിലെത്തി. ഇന്നും ആ യാത്രയെക്കുറിച്ച് ആലോചിക്കുമ്പോൾ സന്തോഷം തോന്നാറുണ്ട്
ഇനിയുമായാത്ര തിരികെ
വന്നിരുന്നെങ്കിൽ......



**ഷംഷീന പി. എ.**

## കവിത

### **വർഷം**

അന്ന്
ആദ്യമായ്
എന്റെ കുഞ്ഞുടുപ്പ്
നനച്ച



കളിക്കൂട്ടുകാരൻ
വികൃതിയാൽ
എന്നെ
പനിക്കിടക്കയിലാക്കിയ
കുറുമ്പുകാരൻ
പിന്നെ
ഒളിച്ചും കളിച്ചും
കൂടെ നടന്നിടയ്ക്കിടെ
മായുന്ന
ജാലക്കാരൻ
ഉച്ചവെയിലിൽ
പ്രണയമെന്നെ ചുട്ടുപൊള്ളിക്കേ
തേൻ തുള്ളിയായ്
പെയ്തിറങ്ങിയ
കാമുകൻ

ഇന്നും
പുലരിയിൽ
ഏറെ പിണങ്ങിയ നിദ്രയെ
കൂട്ടിനായ് തന്നെന്റെ
കിളിവാതിലിൻ ചാരെ
അനു പല്ലവി മൂളുന്ന
സ്നേഹ ഗായകൻ........

**ബേബി.സി.എസ്**



**സംഗീതക്കെന്റെ ആദ്യത്തെ പ്രണയലേഖനം**

**എന്ന നോവലിൽ നിന്ന് തെരഞ്ഞെടുത്ത ഭാഗങ്ങൾ**

.................................................................................

ആയിരം കണ്ണുള്ള താമരപ്പൂവിൽ

അവതരിച്ചവളെ സംഗീതേ

നീയെന്റെ പ്രാണന്റ പിന്നിൽ വരച്ചിട്ട

വാക്കാണോ പ്രണയം ?

വരിയാണോ പ്രണയം?

നീയെന്റെ മനസ്സിന്റെ മൺ വീണയിലെ

മഞ്ജീരമുണർത്തിയ മണിമുത്തല്ലേ

നീയെന്റെ ഹൃദയത്തിന്റെ താളത്തിന്റെ

ഹൃദയതാളത്തിന്റെ മർമ്മരമല്ലേ?

നീയെന്റെ കണ്ണിന്റെ കരളിന്റെ കരളല്ലേ ...

വിശാഖം നാളിൽ പിറന്ന നീയെന്റെ ദേവീ ശില്പമല്ലേ!

..........................................................................................



.......................................................................................

ഇപ്പോൾ കാണുന്ന ബീച്ചാണ് ഏത്തായ് കടപ്പുറം.

എന്റെ വീടിന്റെ ഏറ്റവും അടുത്തുള്ള കടപ്പുറം. നീ വന്നിരുന്നുവെങ്കിൽ നമ്മൾ ഒന്നിച്ച് ഈ കടപ്പുറത്ത് നടക്കുമായിരുന്നു. ഇവിടെയിരുന്നാൽ വരുണന്റെ പ്രണയം കാണാം. സൂര്യൻ ജോലി അവസാനിപ്പിച്ച് വരുന്ന വഴി കുശലം പറയാം. ചന്ദ്രൻ ജോലിക്കു പോകുന്നതു കാണാം. അഗ്നി വിളക്കു വെക്കുന്നതു കാണാം. വായുവിന്റെ അട്ടഹാസം കേൾക്കാം.ഇന്ദ്ര സദസ്സിലെ സുന്ദരികളായ ആ നർത്തകരെ കാണാം. ചന്ദ്രന്റെ ഭാര്യമാർ തമ്മിലുള്ള വഴക്കു കേൾക്കാം. അങ്ങ് ദൂരെ ബ്രഹ്മ ലോകത്തു നിന്ന് സരസ്വതീ ദേവിയുടെ വീണാ നാദം കേൾക്കാം. ആ സമയത്ത് ചന്ദ്രന്റെ വീട്ടിൽ വഴക്ക് ഇല്ലാതിരുന്നാൽ മതിയായിരുന്നു. ഒരേ അച്ഛന്റേയും അമ്മയുടേയും മക്കളാണ് എന്ന് പറഞ്ഞിട്ടെന്താ കാര്യം. ആ ഇരുപത്തിയേഴു പേരും തമ്മിൽ ചേരില്ല. നീ വന്നിരുന്നുവെങ്കിൽ ഈ വെൺമണൽ തീരത്ത് നിന്റെ കണ്ണുകളിലേക്ക് നോക്കി .... നിന്റെ തേൻ മൊഴി കേട്ടുകൊണ്ട് ..... പുകഴ്ത്താനാവാത്ത പുഞ്ചിരി കണ്ടു കൊണ്ട് ....

നിന്റെ മടിയിൽ തല വെച്ച്... പൂർണ്ണ ചന്ദ്രപ്രഭയിൽ.... ഞാൻ നിന്റെ ചെവിയിൽ പ്രണയം മൊഴിഞ്ഞേനെ......

.........................................................................................

അങ്ങനെ ഈ ജന്മം നിന്നെ ഞാൻ പൂജിക്കാൻ തുടങ്ങും. എന്റെ ജീവിതം അവസാനിച്ച കഴിഞ്ഞാൽ എന്റെ പ്രാണൻ സൂര്യന്റെ ലോകം തിരഞ്ഞെടുക്കും. സൂര്യ ലോകത്ത് എന്നെയും കാത്ത് കണ്ണൻ നിൽക്കുന്നുണ്ടാകും. അങ്ങിനെ ആ സായാഹ്നത്തിൽ ഞാൻ സൂര്യ ലോകത്തെ സമുദ്രതീരത്തു കൂടെ നടക്കുമ്പോൾ നീ ആ തീരത്ത് തനിച്ചിരിക്കുന്നത് ഞാൻ കാണാനിടയാകും. നിന്റെ വലതു വശത്ത് ഞാൻ വന്നിരിക്കും. ഞാൻ നിന്നെ എന്റെ സംഗീതേ എന്നു വിളിക്കും. ആശ്ചര്യ പൂർവ്വം നീയെന്റെ  കണ്ണുകളിലേക്കു നോക്കും.. എനിക്കു നിന്റെ പേരെങ്ങനെ മനസ്സിലായി എന്ന ഭാവത്തിൽ ....

ഞാൻ അന്നു നിന്നോടു പറയും...... ഭൂമിയിൽ വെച്ച് നീയെന്റെ മനസ്സിന്റെ മൺ വീണയിലെ മഞ്ജീരമുണർത്തിയ മണി മുത്തായിരുന്നുവെന്ന് ......ഗായത്രിയിലും ഗാനത്തിലും ഗംഗയിലും ഗീതയിലും നീ വസിച്ചിരുന്നു എന്ന് ...

നിന്നെ ഞാൻ പ്രാണനു തുല്യം പ്രണയിച്ചിരുന്നുവെന്ന്....

നീയെന്റെ പ്രണയിനിയായിരുന്നുവെന്ന് ....

നിനക്കു ഞാൻ പ്രണയലേഖനമെഴുതിരുന്നുവെന്ന് ...

*ഇതെല്ലാം കേൾക്കുമ്പോൾ അന്നു നിനക്കെന്നെ ഓർക്കാൻ കഴിയുമോ സംഗീതേ....?*



ഭാഗ്യരാജ് .ടി .ഡി

# प्रलय : एक सबक



मेरे बचपन में,
गांव में एक नदी बहती थी...
बच्चों की किलकारियां जैसी
हँसती नदी बहती थी...
चमकीले पानी से,
सफेद पत्थर, छोटी मच्छिया
हमे देखकर मुस्कुराते थे...
फिर,
गांव शहर बन गए
नदी बन गयी नाली...
सूख गयी, शेष रह गयी रेत...
घाव बनकर सारे कीचड़ मेरे घर आ गए,
बिना इज़ाज़त लिए,
पिछले साल की प्रलय में।
बदले में ले लिए
माँ बापूजी के जान।
इस पतझड़ में नदी के साथ
रो रही हूं मैं भी....

Fathima Sherin.K.M

**Book review**

# THE ALCHEMIST

**"My heart is afraid that it will have to suffer ". The boy tells the alchemist one night as they looked up at the moonless sky. The alchemist replies "Tell your heart that the fear of suffering is worse that the suffering itself. And that no heart has ever suffered when it goes in search of its dreams, because every second of the search is a seconds encounter God and Eternity." This is one of many passages from the alchemist, an inspicking tale about realizing your dreams and fulfilling your destiny. Paulo Coelho paints the reader's mind a fascinating story line and a simple style .of writing chock full of meaningful insights that will leave the reader feeling warm-hearted,inspired,and ready to shoot for the stars.**

**The alchemist became known after the release of Coelho's book Brida. The publication of this received many of press attention and took the alchemist to the top of the best seller lists. The alchemist went on the sell more copies than any other book in the history of Brazil,and even made it into the**


**Guinness book of records. It is a story of a shepherd boy from the Spanish province of Andalusia who dreams of travelling the world in search of a treasure as desirable as any ever found. From this home he journeys to the exotic markets of North Africa and then into the Egyptian desert, where a fateful encounter with the alchemist awaits him....**

**The things in this book are so beautifully described. That the reader can feel the lush,cool grasses of Andalusia fields; the soft glow and warmth eminent from the buildings of the towns,as well as the burning sands,the wind,and the over bearing sun of the Sahara, Coelho makes such seamless transitions between these diversity of the nature. That if Coelho had not mentioned it himself. The reader would not have realised that these things, which seems worlds apart, are only two hours away from each other. Also Coelho never makes a direct mention to the time period. Instead he allows the reader to become lost in the timeless and ancient allure of the desert ,filling the reader's mind with mystery and awe which sparks the imagination**

**into filling in all the details with the aura of Arabia.**

**"My heart is afraid that it will have to suffer",the boy confides the alchemist one night as they looked up at a moonless night. "Tell your heart that the fear of suffering is worse than the suffering itself" said the alchemist.(The Alchemist).**

**The author believes that each one of us has a dream given by god and he gives us clues time again and again so that we recognise those clues ('omens as he call them) and follow these dreams with great zeal. "Never give up" Coelho says. Each one of us has a destiny to discover these destinies and then follow them is the purpose of our lives.....**



SALMA SHAJAHAN

Poem



# THE FIRST FLOOD

A strange sound woke me up
I was on deep sleep
I stood up my feet were wet
I'm flabbergasted
I couldn't move,
Utter a word for a moment
"Wake up ! Wake up !
Our house is flooded "
My wife started crying
Pack up some dress
and important documents.
Let's leave we set out
There was a mob
On the road, we accompanied them
We reached a local school
I spread a mat , and lied down
I was just thinking about
What happened to my place

A flood , I have never
heard, I was never told
I slipped into sleep
I got a dream.
I started hearing some ones sound
It’s you ! it’s you made the flood
You blocked my veins
Where can I flow
You did reckless mining
Don’t you know we are
not two, we are one .
When you start killing me
You start killing yourself
Let’s live together,
Let’s stop killing each other



**Rajeesh**

## ചിത്രയാത്രാ വിവരണം

## കുഞ്ഞുണ്ണി മാസ്റ്റർ സ്മാരകം - വലപ്പാട്








# കുഞ്ഞുണ്ണി മാഷോടും കുട്ട്യോളോടുമൊപ്പം






# കുഞ്ഞുണ്ണി മാഷുടെ കൈയ്യക്ഷരവും വളപ്പൊട്ടു ശേഖരണവും









## കുഞ്ഞുണ്ണി മാഷുടെ ഒരു ദിനം - ഫോട്ടോ പ്രദർശനം



## കുഞ്ഞുണ്ണി മാസ്റ്റർ സ്മാരക ലൈബ്രറി






**ചിത്രങ്ങൾ...........** **ഭാഗ്യരാജ് .ടി .ഡി**



## എഡിറ്റോറിയൽ ബോർഡ്

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | പ്രസന്ന കണ്ണിയത്ത് |
| സ്റ്റാഫ് എഡിറ്റർ | : | സാബിദ.കെ.എസ് |
| സ്റ്റുഡന്റ് എഡിറ്റർ | : | ഐഷ കാജ മൊയ്തീൻ |
| സമിതി അംഗങ്ങൾ | : | അർച്ചന.പി.വിജയൻ |
| | | ബേബി.സി.എസ് |
| | | അർജ്ജുൻ |
| | | സൽമ |



# കൃതജ്ഞത

വലപ്പാട് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണ് 'നഭസ്സ്'. മാഗസിൻ നിർമ്മാണത്തിൽ സഹകരിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ, അധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയ എല്ലാവരുടെയും സന്മനസ്സുകൾക്ക് അകൈതവമായ നന്ദി

**നീലനഭസ്സിലേക്കുയരുന്ന പട്ടമായ് മാറട്ടെ നമ്മുടെ കുരുന്നുകൾ....**

little KITEs
GVHSS Valapad

As per Green protocol, No paper is wasted in the making of this magazine